**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3459** **26-06-2024 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകൾ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | മണലൂർ മണ്ഡലത്തിൽ 5വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് തെരഞ്ഞെടുത്തിരുന്നതും അതിൽ 3 വില്ലേജ് ഓഫീസുകൾ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതുമാണ്. |
| (ബി) | ബാക്കിയുള്ള വില്ലേജ് ഓഫീസുകൾ എന്നത്തേക്ക് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി ഉയർത്താനാകും എന്നറിയിക്കാമോ? | (ബി) | സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനായി തെരഞ്ഞെടുത്ത വില്ലേജുകളിൽ നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിച്ച രണ്ട് വില്ലേജ് ഓഫീസുകളിൽ ഒരെണ്ണത്തിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് മുഖേന തയ്യാറാക്കി നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്നതിനും രണ്ടാമത്തെ വില്ലേജ് ഓഫീസിന്റെ നിർമ്മാണത്തിനായി തർക്കരഹിതമായ സ്ഥലം ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ നടത്തി പ്രസ്തുത രണ്ട് വില്ലേജ് ഓഫീസുകളെയും സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി ഉയർത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ